"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കണ്ണൻ ടി. - യ്ക്ക് എതിരെയുള്ള അച്ചടക്ക നടപടി - ഔപചാരിക അന്വേഷണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.991/2026/LSGD തീയതി,തിരുവനന്തപുരം, 12-05-2026

---

പരാമർശം:-
1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 24.06.2017 തീയതിയിലെ ഇ13(ക്യു.വി.4/17/പി.കെ.ഡി./എൽ.എസ്.ജി.ഡി.) 14720/17നമ്പർ കത്ത്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04/08/2025 തീയതിയിലെ LSGD/PD/7472/2023-VIGD1 നമ്പർ കത്ത്.
3. സർക്കാരിന്റെ 08/12/2025 തീയതിയിലെ ഇപിബി3/221/2020/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
4. ശ്രീ. കണ്ണൻ ടി. 16/01/2026 ൽ സമർപ്പിച്ച എതിർവാദ പത്രിക.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 13/03/2026 തീയതിയിലെ LSGD/PD/7472/2023-VIGD1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിൽ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ ബ്ലോക്ക് നമ്പർ 45, സർവ്വേ നമ്പർ 155/1,3,5 & 6-ൽ പ്പെട്ട ഭൂമിയിൽ നെൽ വയൽ മണ്ണിട്ട് നികത്തി Kerala Paddy and Wet land Conservation Act, 2008 ലെ വ്യവസ്ഥകൾ ലംഘിച്ചു കൊണ്ടും KLU ഇല്ലാതെയും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട പ്രദേശത്ത് വാണിജ്യാവശ്യത്തിനായി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയതായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യുറോ നടത്തിയ സത്വരാന്വേഷണത്തിൽ കണ്ടെത്തിയതായും പ്രസ്തുത കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ച വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കണ്ണന് എതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്തുകൊണ്ടും പരാമർശം (1) പ്രകാരം

സത്വരാന്വേഷണ റിപ്പോർട്ട് വിജിലൻസ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ വടക്കഞ്ചേരി ഗ്രാമ പഞ്ചായത്തിലെ മുൻ സെക്രട്ടറിയായിരുന്ന ശ്രീ. ടി. കണ്ണന് എതിരെ **KSR Part III** പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച് ടിയാൻ സമർപ്പിച്ച വിശദീകരണത്തിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(2)** പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

*ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ അനുവദിച്ചിരിക്കുന്ന എ4/**2200/13** തീയതി **26.09.2013** നമ്പർ പെർമിറ്റ് **01/11/2016** തീയതിയിൽ **26/09/2016** മുതൽ **25/09/2019** വരെ സെക്രട്ടറി ശ്രീ.കണ്ണൻ പുതുക്കി നൽകിയിട്ടുള്ളതിന് ടിയാൻ നൽകിയ വിശദീകരണം, ആയത് സാധാരണ ഓഫീസ് നടപടിക്രമങ്ങളുടെ നീട്ടിനൽകൽ/പുതുക്കൽ ഭാഗമാണെന്നതാണ്. കെട്ടിട നിർമ്മാണ പെർമിറ്റ് കാലാവധി അപേക്ഷയിൽ, ടി കെട്ടിട നിർമ്മാണം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നുണ്ടോയെന്നും, നിലവിലുള്ള പെർമിറ്റ് പ്രകാരം നിർമ്മിച്ചിട്ടുള്ള കെട്ടിടഭാഗങ്ങൾ ടി ചട്ടങ്ങൾക്ക് അനുസൃതമാണോയെന്നും, മറ്റ് അനുബന്ധ നിയമങ്ങൾ പാലിക്കുന്നുണ്ടോയെന്നും പരിശോധിക്കേണ്ടത് കെട്ടിട നിർമ്മാണ പെർമിറ്റ് പുതുക്കി/കാലാവധി നീട്ടി നൽകുന്ന സെക്രട്ടറിയുടെ ചുമതലയാണ്. ആയതിൽ ടിയാന് വീഴ്ച സംഭവിച്ചതായി കാണുന്നു.*

*ശ്രീ.എം.എം.നാസർ എന്നയാൾ **17/10/2016** തീയതിയിൽ **201.16** ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഗോഡൗൺ ഉപയോഗക്രമത്തിന് സമർപ്പിച്ചിരിക്കുന്ന കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷയിൽ റീ സർവ്വേ നമ്പർ **155/3** ലെ നിർമ്മാണത്തിനാണ് **A4/9511/16** തീയതി, **07/11/2016** നമ്പർ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതെന്നും, ടി പെർമിറ്റിൽ റീ സർവ്വേ നമ്പർ **155/1, 5, 6** എന്നത് അധികമായി ചേർന്ന് വന്നത് സെക്ഷൻ ക്ലർക്കിന്റെ അശ്രദ്ധമൂലം സംഭവിച്ചിട്ടുള്ളതാണെന്നും കൂടാതെ ടി പെർമിറ്റ് പ്രകാരം ടി കെട്ടിട നിർമ്മാണത്തിന് **12/1935** കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. ടി കെട്ടിട നിർമ്മാണ പെർമിറ്റ് പ്രകാരം പൂർത്തീകരിച്ചിട്ടുള്ള കെട്ടിട നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള കെട്ടിട നമ്പരായ **12/1935** ന്റെ സഞ്ചയ സോഫ്റ്റ് വെയറിലെ ഫോറം **6** പരിശോധിച്ചതിൽ, ടി കെട്ടിട നമ്പർ അനുവദിച്ചത് വടക്കഞ്ചേരി **1** വില്ലേജിലെ **155/5, 6** എന്നീ റീ സർവ്വേ നമ്പരുകളിലാണെന്നും, അസസ്മെന്റ് രജിസ്റ്റർ പ്രകാരം ആയത് അനുവദിച്ചിരിക്കുന്നത് **23/03/2017** തീയതിയിലാണെന്നും ആയത് അനുവദിച്ചിട്ടുള്ള സെക്രട്ടറി ശ്രീ. ടി. കണ്ണൻ ആണെന്നും കാണുന്നു. കൂടാതെ ഡാറ്റ ബാങ്കിന്റെ കൈവശക്കാരനായ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം മറികടന്ന് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പെർമിറ്റ് അനുവദിച്ചതും, കെട്ടിട നമ്പർ അനുവദിച്ചതും ടിയാന്റെ*

*ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.*

**3.** മേൽ സാഹചര്യത്തിൽ, വടക്കഞ്ചേരി ഗ്രാമ പഞ്ചായത്തിലെ മുൻ സെക്രട്ടറിയായിരുന്ന ശ്രീ. ടി. കണ്ണനിൽ നിന്നും വിശദീകരണം തേടിയതിൽ, ആയത് തൃപ്തികരമല്ലെന്നും ഡാറ്റ ബാങ്കിന്റെ കൈവശക്കാരനായ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം മറികടന്ന് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പെർമിറ്റ് അനുവദിച്ചതും, കെട്ടിട നമ്പർ അനുവദിച്ചതും ടിയാന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നതിനാലും, മേൽ വിവരിച്ച ക്രമക്കേടുകൾക്ക് ഉത്തരവാദിയായ ടിയാൻ ഗുരുതരമായ കൃത്യവിലോപവും അധികാര ദുർവ്വിനിയോഗവും ചട്ടലംഘനവും നടത്തിയതായി ബോധ്യപ്പെട്ട സാഹചര്യത്തിലും **31/07/2018** തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ച വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ടിയാനെതിരെ കെ.എസ്.ആർ പാർട്ട് **III** ചട്ടം **59(d)** പ്രകാരം പ്രതിമാസ പെൻഷനിൽ നിന്നും **500/-** രൂപ വീതം ആജീവനാന്തം കുറവ് വരുത്താൻ സർക്കാർ താൽക്കാലികമായി തിരുമാനിച്ച് പരാമർശം **(3)** പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

4. കാരണം കാണിക്കൽ നോട്ടീസിന് പരാമർശം **(4)** പ്രകാരം ശ്രീ.കണ്ണൻ.ടി. സമർപ്പിച്ച എതിർവാദ പത്രികയിൽ ചുവടെ പറയും പ്രകാരം ബോധിപ്പിച്ചിട്ടുണ്ട്.

*വടക്കഞ്ചേരി **1** വില്ലേജ്, ബ്ലോക്ക് **45**, റീസർവ്വേ നമ്പർ **155/1,5,6**, എന്ന സ്ഥലത്ത് വാണിജ്യ ആവശ്യത്തിനായി ആകെ **1496.65** ചതുരശ്ര മീറ്റർ കെട്ടിടം നിർമ്മിക്കുവാൻ **26/09/2013** തിയതിയിലെ **A4.2200/13** നമ്പറായി പെർമിറ്റ്/ലൈസൻസ് നൽകിയിരുന്നു. **26/10/2016** തിയതിയിൽ പ്രസ്തുത പെർമിറ്റ് പുതുക്കുന്നതിനായി ശ്രീ.എം.എം.നാസർ സമർപ്പിച്ച അപേക്ഷ ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെ റിപ്പോർട്ടിൻ പ്രകാരം **26/09/2016** മുതൽ **25/09/2019** തിയതി വരെ **01/11/2016** തിയതിയിൽ കെട്ടിട നിർമ്മാണ പെർമിറ്റ് പുതുക്കി നൽകിയിട്ടുണ്ട്. **2011** ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം **17** പ്രകാരമാണ് പെർമിറ്റ് പുതുക്കി നൽകിയിട്ടുള്ളത് എന്നും **155/1,5,6** എന്നിവ കൃഷിയോഗ്യമായ നെൽവയലോ തണ്ണീർത്തടമോ ആയി വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി ആണെന്നും ആയത് ഡാറ്റാ ബാങ്കിൽ **Fallow Land** ആയി വിജ്ഞാപനം ചെയ്തതാണെന്നും ഇപ്രകാരം പുതുക്കി നൽകിയ പെർമിറ്റ് പ്രകാരം യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും പ്രസ്തുത പെർമിറ്റ് കാലഹരണപ്പെട്ട തിയതിയായ **25/09/2019** വരെ നടന്നിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.*

***17/10/2016** തിയതിയിലെ കെട്ടിട നിർമ്മാണ അനുമതി അപേക്ഷയിൽ **Automobile Accessories Godown** നിർമ്മാണത്തിനുള്ള അപേക്ഷ നിയമാനുസൃതം ആയതിനാൽ സർവ്വേ നമ്പർ **155/3** പുരയിടത്തിൽ കെട്ടിട നിർമ്മാണ അനുമതി*

*നൽകാവുന്നതാണെന്ന LSGD ഓവർസിയറുടെ റിപ്പോർട്ട് പ്രകാരമാണ് സെക്ഷൻ ക്ലർക്കിനോട് പെർമിറ്റ് നൽകുവാൻ രേഖാമൂലം നിർദ്ദേശിച്ചത്. എന്നാൽ സെക്ഷൻ ക്ലർക്കിന്റെ അശ്രദ്ധ കൊണ്ട് മാത്രമാണ് പെർമിറ്റിൽ 155/3 എന്ന സർവ്വേ നമ്പറിന് പുറമേ 155/1,5,6 എന്നീ സർവ്വേ നമ്പറുകൾ കൂടി വന്നിട്ടുള്ളത്. 12/08/2008 തിയതി പ്രാബല്യത്തിൽ വന്ന 2008 ലെ നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന് വളരെ മുമ്പ് തന്നെ മേൽ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട സ്ഥലങ്ങൾ കൃഷി ചെയ്യാത്ത തരിശ് ഭൂമിയാണെന്നും ശ്രീ. എം. എം നാസറിന് പെർമിറ്റ് പുതുക്കി നൽകിയതിലോ, പുതിയ പെർമിറ്റ് വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്ന നിലയിൽ മനപ്പൂർവമായി യാതൊരുവിധ ചട്ട ലംഘനവും നടത്തിയിട്ടില്ല എന്നും അറിയിച്ചിരുന്നു.*

5 ശ്രീ. കണ്ണൻ ടി. സമർപ്പിച്ച മറുപടിയിൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം ചുവടെ പറയുംവിധം അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

*വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ വടക്കഞ്ചേരി 1 വില്ലേജിലെ ബ്ലോക്ക് 45 ൽ ശ്രീ. എം.എം. നാസർ S/0 മുഹമ്മദ് ഹാജി, വടക്കഞ്ചേരി എന്നയാളുടെ ഉടമസ്ഥതയിലുള്ള റീസർവ്വേ നമ്പർ 155/1,5,6 എന്ന സ്ഥലത്ത് വാണിജ്യാവശ്യത്തിനായി ആകെ 1496.65 ച.മീ വിസ്തൃതിയിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് 26/09/2013 തീയതിയിൽ അനുവദിച്ച എ4/2200/13 നമ്പർ കെട്ടിട നിർമ്മാണ പെർമിറ്റ് പുതുക്കുന്നതിനായി 26/10/2016 തീയതിയിൽ സമർപ്പിച്ച അപേക്ഷയിൽ നടപടിക്രമങ്ങളുടെ ഭാഗമായി പെർമിറ്റ് പുതുക്കിനൽകിയിട്ടുള്ളതാണെന്ന വാദം അംഗീകരിക്കാവുന്നതല്ല. കെട്ടിട നിർമ്മാണ പെർമിറ്റ് പുതുക്കുന്നതിനോ കാലാവധി നീട്ടിനൽകുന്നതിനോ ലഭിക്കുന്ന അപേക്ഷകളിൽ നിലവിൽ പൂർത്തീകരിച്ചിട്ടുള്ള കെട്ടിട ഭാഗങ്ങൾ, അനുവദിച്ചിട്ടുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് പ്രകാരമാണോയെന്ന് പരിശോധിക്കേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. ഗ്രാമപഞ്ചായത്തിൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള ഡാറ്റാ ബാങ്കിൽ തെറ്റുകൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് ഡാറ്റാ ബാങ്കിന്റെ കൈവശക്കാരനായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതലയാണ്. ഇത്തരത്തിലുള്ള അപാകതകൾ പരിഹരിക്കാതെ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സർവ്വേ നമ്പർ സ്ഥലത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതും, അനധികൃതമായി അനുവദിച്ചിട്ടുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് പുതുക്കി നൽകിയിട്ടുള്ളതും വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കണ്ണൻ ടി. എന്നവരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള വീഴ്ചയായി കാണുന്നു.*

*ശ്രീ. എം.എം. നാസർ, വടക്കഞ്ചേരി 1 വില്ലേജിലെ ബ്ലോക്ക് നമ്പർ 42 റീ സർവ്വേ നമ്പർ 155/1,3,5,6 എന്നീ സർവ്വേ നമ്പറുകളിൽ 201.16 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഗോഡൗൺ കെട്ടിടം നിർമ്മിക്കുന്നതിനായി 17/10/2016 തീയതിയിൽ സമർപ്പിച്ച അപേക്ഷ, സാങ്കേതികവിഭാഗം പരിശോധിച്ച് പുരയിടം വിഭാഗത്തിൽ ഉൾപ്പെട്ട*

*റീസർവ്വേ നമ്പർ **155/3** ൽ കെട്ടിട നിർമ്മാണാനുമതി നൽകാമെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും എന്നാൽ സെക്ഷൻ ക്ലർക്കിന്റെ അശ്രദ്ധകൊണ്ട് മാത്രമാണ് കെട്ടിട നിർമ്മാണ പെർമിറ്റിൽ സർവ്വേ നമ്പർ **155/3** ന് പുറമേ **155/1,5,6** എന്നീ സർവ്വേ നമ്പരുകൾ കൂടി വന്നിട്ടുള്ളതെന്ന് മറുപടിയുടെ ഒരു ഭാഗത്തു പറയുന്നുണ്ടെങ്കിലും ആയതിന് തുടർച്ചയായി തന്നെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് **31.05.2011** തീയതിയിൽ **എ4-311//09** നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള ഗസറ്റ് വിജ്ഞാപനത്തിലെ ഡാറ്റാ ബാങ്കിൽ, വടക്കഞ്ചേരി **1** വില്ലേജ് ബ്ലോക്ക് **45** റീസർവ്വേ നമ്പർ **155/1,5,6** എന്നിവ നെൽവയലോ തണ്ണീർത്തടമോ അല്ലായെന്ന് ബോധിപ്പിക്കുന്നതായും ആയതുകൊണ്ട് തന്നെ മേൽ പറഞ്ഞ സർവ്വേ നമ്പരിൽ ഉൾപ്പെട്ട സ്ഥലങ്ങൾ **2008** ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം/ചട്ടം പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയാകുന്നുവെന്നുമാണ് അറിയിച്ചിട്ടുള്ളത്. **07.11.2016** തീയതിയിൽ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുള്ള **എ4/9511/16** നമ്പർ കെട്ടിട നിർമ്മാണ പെർമിറ്റിൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സർവ്വേ നമ്പരുകളായ **155/1,5,6** എന്നിവ ഉൾപ്പെട്ടത് സെക്ഷൻ ക്ലർക്കിന്റെ അശ്രദ്ധകൊണ്ട് മാത്രം വന്നതല്ലായെന്ന് കാണുന്നു. ആയതിനാൽ തന്നെ ടിയാന്റെ വാദം അംഗീകരിക്കാവുന്നതല്ല.*

***GO(Rt) No.898/2020/AGRI** തീയതി **03.11.2020** ഉത്തരവ് പ്രകാരം റീ സർവ്വേ നമ്പർ **151/1** പൂർണ്ണമായും ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കിയതായി അറിയിച്ചെങ്കിലും ആയത് വെബ് സൈറ്റിൽ ലഭ്യമായിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുള്ളത് **07.11.2016** തീയതിയിലാണ് എന്നാൽ **151/1** എന്ന സർവ്വേ നമ്പർ ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് **03.11.2020** തീയതിയിലേത് ആയതിനാലും ടി ഉത്തരവ് ഇവിടെ പ്രസക്തമല്ലായെന്നും ടിയാന്റെ വാദം അംഗീകരിക്കാൻ കഴിയില്ലായെന്നും റിപ്പോർട്ട് ചെയ്യുന്നു.*

**6.**മേൽ സാഹചര്യത്തിൽ, കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. കണ്ണൻ.ടി. നൽകിയ മറുപടിയിലെ വാദം അംഗീകരിക്കാൻ കഴിയില്ലായെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും **KSR Part III 59** (ഡി) പ്രകാരമുള്ള അച്ചടക്കനടപടി ആയതിനാലും പരാമർശ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അന്വേഷണ റിപ്പോർട്ട് **15** ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, പാലക്കാട്. *(ഫയലിലെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പുകൾ സഹിതം).*

2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ശ്രീ. കണ്ണൻ ടി, മുൻ സെക്രട്ടറി (റിട്ട.), വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്, പാലക്കാട്. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന).*
4. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി3/221/2020/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
സെക്ഷൻ ഓഫീസർ
Date: 12-05-2026 13:47:25